"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് - ജീവനക്കാര്യം - ശ്രീമതി സുദർശ ആർ-ന് അഡീഷണൽ ഡയറക്ടർ തസ്തികയിൽ പ്രൊവിഷണൽ പ്രൊമോഷൻ നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആസൂത്രണ സാമ്പത്തികകാര്യ (ബി) വകുപ്പ്

സ.ഉ.(സാധാ) നം.98/2025/P&EA തീയതി,തിരുവനന്തപുരം, 18-03-2025

---

പരാമർശം:- 1. സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പ് ഡയറക്ടറുടെ 07.03.2025 -ലെ ഡി.ഇ.എസ്/1218/2025-ഇബി1 നമ്പർ കത്ത്.

2. 03.06.1999.-ലെ 5328/റൂൾസ്-1/99/പി&എ.ആർ.ഡി നമ്പർ സർക്കുലർ

18/3/25

<u>ഉത്തരവ്</u>

സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിലെ സീനിയർ ജോയിന്റ് ഡയറക്ടർ ശ്രീമതി സുദർശ.ആർ അഡീഷണൽ ഡയറക്ടർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിക്കുവാനുള്ള ഉദ്യോഗസ്ഥരിൽ സീനിയോറിറ്റി പ്രകാരം ഒന്നാമതാണെന്നും, ടിയാൾ 30/04/2025-ന് സേവനത്തിൽ നിന്നും വിരമിക്കുകയാണെന്നും, 2025 വർഷത്തിലെ സ്ഥാനക്കയറ്റത്തിനുള്ള സെലക്ട് ലിസ്റ്റ് തയ്യാറായിട്ടില്ലാത്തതിനാൽ ശ്രീമതി സുദർശ ആർ - ന് റഗുലർ പ്രൊമോഷൻ നൽകുന്നതിന് കാലതാമസം നേരിടുന്ന സാഹചര്യമാണുള്ളതെന്നും പരാമർശം 1 പ്രകാരം സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. കൂടാതെ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകപ്പിന്റെ ഏറ്റവും പ്രധാനപ്പെട്ട സ്കീമുകളായ പ്രൈസ്, ഇ.എ.ആർ.എ.എസ്. എന്നിവയുടെ ചുമതല വഹിക്കേണ്ട അഡീഷണൽ ഡയറക്ടർ തസ്തികയിൽ 28/02/2025 ൽ ഒഴിവു വന്നിട്ടുള്ള സാഹചര്യത്തിൽ സീനിയർ ജോയിന്റ് ഡയറക്ടർ ആയ ശ്രീമതി സുദർശ ആർ -ന് അഡീഷണൽ ഡയറക്ടർ (പ്രൈസസ്) തസ്തികയിലേയ്ക്ക് (₹112800-163400) പ്രൊവിഷണൽ പ്രൊമോഷൻ നൽകണമെന്നും സാമ്പത്തിക സ്ഥിതിവിവരകണക്ക് ഡയറക്ടർ പരാമർശം 1 പ്രകാരം ശിപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2025-ലെ സ്ഥാനക്കയറ്റത്തിനുള്ള സെലക്ട് ലിസ്റ്റ് തയ്യാറായിട്ടില്ലാത്തതിനാൽ ശ്രീമതി സുദർശ ആർ -ന് റഗുലർ പ്രൊമോഷൻ നൽകുന്നതിന് കാലതാമസം ഉണ്ടാകുമെന്നതിനാലും, ശ്രീമതി

സുദർശ ആർ-ന് സർവ്വീസിൽ നിന്ന് വിരമിക്കുന്നതിന് വളരെ ചുരുങ്ങിയ സേവനകാലം മാത്രമേ ശേഷിക്കുന്നുള്ളു എന്നതിനാലും, പരാമർശം 2 -ലെ സർക്കുലർ പ്രകാരം, പ്രൊവിഷണൽ പ്രൊമോഷന് നിലവിലുള്ള നിരോധനത്തിൽ ഇളവ് വരുത്തി , ശ്രീമതി സുദർശ ആർ - ന് അഡീഷണൽ ഡയറക്ടർ തസ്തികയിലേയ്ക്ക് (₹112800-163400) കെ.എസ്.& എസ്.എസ്. ആർ ചട്ടം 31 (എ) (1) പ്രകാരം പ്രൊവിഷണൽ പ്രൊമോഷൻ നൽകി സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റിൽ അഡീഷണൽ ഡയറക്ടർ (പ്രൈസസ്) തസ്തികയിൽ നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലതാകുമാരി.എം.ബി
അഡിഷണൽ സെക്രട്ടറി

1. ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, തിരുവനന്തപുരം.
2.ശ്രീമതി സുദർശ ആർ. സീനിയർ ജോയിന്റ് ഡയറക്ടർ, സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടറേറ്റ്, തിരുവനന്തപുരം. (സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ് ഡയറക്ടർ മുഖേന)
3. ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
4.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
5.ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ).
6. കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Anu Surendran
Date: 18-03-2025 12:34:31
സെക്ഷൻ ഓഫീസർ

<u>പുറത്തെഴുത്ത് നമ്പർ. ഡിഇഎസ്/1218/2025 - ഇബി1, തീയതി.18/03/2025</u>

ഉത്തരവിന്റെ പകർപ്പ് ഉദ്യോഗസ്ഥരുടെ അറിവിലേക്കായി വകുപ്പ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

ഡയറക്ടർക്കുവേണ്ടി

ഡെപ്യൂട്ടി ഡയറക്ടർ, കമ്പ്യൂട്ടർ വിഭാഗം.